

THURSDAY 10/10/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/10/2024

1. കാർഷിക വികസന കർഷക ക്ഷേമവകുപ്പ് 2024-25 വാർഷിക പദ്ധതിയുടെ ഭാഗമായി സപ്പോർട്ട് ടു ഫാം മെക്കനൈസേഷൻ പദ്ധതിയിൽ കൊല്ലം ജില്ലയിലെ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് സർവ്വീസ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ചെറിയ അറ്റകുറ്റപ്പണികൾക്കാവശ്യമായ സ്പെയർ പാർട്ട്സുകളുടെ വില പരമാവധി 1000/- രൂപ വരെ സൗജന്യം ആയിരിക്കുന്നതാണ്. 2024-25 വർഷത്തിൽ ബ്ലോക്കുതലത്തിൽ രണ്ട് ഘട്ടമായി സർവ്വീസ് ക്യാമ്പുകൾ കൊല്ലം കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്. അപേക്ഷ കൃഷിഭവൻ മുഖാന്തിരമോ കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മെയിൽ ഐഡിയിലേക്കോ അയയ്ക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കുരീപ്പുഴ, കാവനാട്.പി.ഒ, കൊല്ലം എന്ന വിലാസത്തിലോ, 8606069173, 9947302154 എന്നീ ഫോൺ നമ്പറുകളിലോ, aeeagriklm@yahoo.co.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

2. തിരുവനന്തപുരം ജില്ലയിലെ അരുവിക്കര പഞ്ചായത്തിലെ കർഷകർക്ക് കൃഷിഭവൻ മുഖേന ഫ്രൂട്ട്ന്യൂട്രീഷൻ ഗാർഡൻ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു. പൈനാപ്പിൾ, പപ്പായ, വാഴ, ഗ്രാഫ്റ്റ് പ്ലാവ്, റംബൂട്ടാൻ, ഡ്രാഗൺ ഫ്രൂട്ട്, സീതപ്പഴം എന്നിവ നട്ടുപിടിപ്പിക്കുന്നതിനാണ് ധനസഹായം നൽകുന്നത്. 10 സെൻ്റിന് 1200 രൂപ അനുവദിക്കും. നിലവിൽ കൃഷി ചെയ്തുകൊണ്ടിരിക്കുന്നവർക്കും പുതുതായി കൃഷി ചെയ്യാൻ താത്പര്യമുള്ളവർക്കും അപേക്ഷിക്കാം. വിവരങ്ങൾക്ക് കൃഷിഭവനുമായി 9497506748 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

3. കാർഷിക സർവകലാശാല, ഫോറസ്റ്റ്റി കോളേജിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസ്സർ(സിൽവികൾചർ&അഗ്രോ ഫോറസ്ട്രി) തസ്തികയിലേക്ക് താൽകാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തിയ്യതി 26.10.2024 കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് www.kau.in സന്ദർശിക്കുക.

4. ആടു വസന്ത അഥവാ PPR എന്ന രോഗത്തിനെതിരെ ആടുകള്ക്കും, ചെമ്മരിയാടുകള്ക്കും പ്രതിരോധ കുത്തിവയ്പ് 2024 ഒക്ടോബർ പകുതിയോടെ സംസ്ഥാനത്തുടനീളം ആരംഭിക്കും. മൃഗസംരക്ഷകേരളത്തിലെ പതിമൂന്നര ലക്ഷത്തോളം വരുന്ന ആടുകൾക്ക് PPR പ്രതിരോധ കുത്തിവയ്പ് നൽകുന്നതാണ്. മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് ഫീൽഡ് ഓഫീസേഴ്സ്, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടേഴ്സ് എന്നിവർ വീടു വീടാന്തരം എത്തി പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും കുത്തിവയ്പ്പിന്റെ വിവരങ്ങൾ കൃത്യമായി ശേഖരിച്ചു റിപ്പോർട്ട് ചെയ്യുന്നതുമായിരിക്കും. ഇത് സംബന്ധിച്ച ഡാറ്റാ ശേഖരണം ദേശീയതലത്തിലുള്ള ഭാരത് പശുധൻ പോർട്ടൽ മുഖേനയാണ്. രാജ്യത്തു നിന്നും PPR എന്ന ആടുവസന്ത രോഗവും 2030 ഓടുകൂടി ഇല്ലാതാക്കാനാണ് PPR Eradication Programme കൊണ്ട് കേരള സർക്കാർ ഉദ്ദേശിക്കുന്നത്. ഈ വാക്സിനേഷന് തികച്ചും സൗജന്യമായാണ് നൽകുന്നത്.

5. കൃഷി വിജ്ഞാൻ കേന്ദ്രം മലപ്പുറത്തിന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി മാഗസിൻ കവർപേജ് ഡിസൈൻ മത്സരം സംഘടിപ്പിക്കുന്നു. kvkmpmdamu@gmail.com എന്ന വിലാസത്തിലേക്ക് ഇമെയിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

വഴിയോ JPEG അല്ലെങ്കിൽ PDF ഫോർമാറ്റിൽ ഡിസൈനുകൾ ഒക്ടോബർ 13 വരെ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0494 2686329, 8547193685, kvkmalappuram@kau.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. 2024-25 അധ്യയന വർഷത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഹൈസ്ക്കൂൾ തലം വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഒക്ടോബർ 31 വരെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0477-2251103.

## പരിശീലന പരിപാടി

7. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ 15 മുതൽ 25 വരെ തീയതികളിൽ പത്ത് ദിവസത്തെ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 2024 ഒക്ടോബർ 15 രാവിലെ 10 മണിക്ക് കോട്ടയം ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീ - 135/-രൂപ. വിളിക്കേണ്ട നമ്പർ 0481-2302223

8. വെള്ളായണി കാർഷിക കോളേജ്, ട്രെയിനിങ് സർവീസ് സ്കീം 2024 ഒക്ടോബർ 15 ന് ശീതകാല പച്ചക്കറികൾ- കൃഷി രീതികൾ എന്ന വിഷയത്തിൽ ഒരു പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 500 രൂപ. പരിശീലന സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ. താല്പര്യമുള്ളവർ 8891540778 എന്ന ഫോൺ നമ്പറിൽ വിളിക്കുകയോ വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യുക. വിളിക്കേണ്ട സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പൂക്കോട് ഡെയറി സയൻസ് ടെക്നോളജി കോളേജിൽ 2024 ഒക്ടോബർ 17, 18 തീയതികളിൽ **ക്ഷീരോൽപ്പന്നനിർമ്മാണത്തിൽ ശാസ്ത്രീയമായ പരിശീലനം** നൽകുന്നു. ചീസ്, നെയ്യ്, യോഗർട്ട് എന്നീ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലാണ് പരിശീലനം നൽകുന്നത്. രജിസ്ട്രേഷൻ ഫീസ് 2000/- രൂപ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടുക-ഫോൺ: 9400587443, 9895636751

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ മാസം 16,17 തീയതികളിൽ **ആടുവളർത്തൽ** എന്ന വിഷയത്തിലും 23, 24 തീയതികളിൽ **പശുവളർത്തൽ** എന്ന വിഷയത്തിലും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

11. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഒക്ടോബർ 16 മുതൽ 18 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം